"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ല - ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് - നിലവിൽ സ്ഥിതി ചെയ്യുന്ന ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് കാര്യാലയവും സ്ഥാപനങ്ങളും മാറ്റി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2169/2025/LSGD തീയതി,തിരുവനന്തപുരം, 02-09-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം 27/2025 LSGD സർക്കാർ ഉത്തരവ് തീയതി 11/2/2025
2. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2025 തീയതിയിലെ 4(1)-ാം നമ്പർ തീരുമാനം
3. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/05/2025 തീയതിയിലെ എസ്.സി2-544/23 നമ്പർ കത്ത്
4. ആലപ്പുഴ ജില്ല ജോയിന്റ് ഡയറക്ടറുടെ 19/05/2025 തീയതിയിലെ LSGD/JD/ALP/3428/2025-S3 നമ്പർ കത്ത്
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/06/2025 ലെ LSGD/PD/16490/2025-AR2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് കാര്യാലയം നിലവിൽ പ്രവർത്തിക്കുന്ന വാർഡ് 12-ലുള്ള കെട്ടിടം 60 വർഷത്തിലേറെ പഴക്കമുള്ളതും മഴക്കാലത്ത് ചോർന്നൊലിക്കുന്നതും, മതിയായ സൗകര്യങ്ങൾ ഇല്ലാത്തതായും, കേവലം എട്ട് സെന്റ് സ്ഥലം മാത്രമുള്ള ഭൂമിയിൽ ആയതിനാലും ആയത് പൊളിച്ച് സൗകര്യപ്രദമായ കെട്ടിടം നിർമിക്കാൻ കഴിയില്ലായെന്ന ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത നടപടികൾ പാലിച്ച് നിലവിലെ ഓഫീസ് ആസ്ഥാനത്തിൽ നിന്നും രണ്ട് കിലോമീറ്റർ അകലെ വാർഡ് no. 15 ൽ 09.49 ആർ സ്ഥലവും നിൽപ്പ് കെട്ടിടങ്ങളും 27.03.2025 ലെ 388/2025 നമ്പർ ആധാര പ്രകാരം ഗ്രാമപഞ്ചായത്ത് **പരാമർശം (1)** സർക്കാർ ഉത്തരവ് പ്രകാരം ആർജ്ജിച്ചിരുന്നു പ്രസ്തുത സ്ഥലത്ത് 15/557, 15/558 എന്നിങ്ങനെ കെട്ടിട നമ്പറുള്ള 279.31 M2 വിസ്തീർണ്ണമുള്ള കെട്ടിടവും 95 M2 വിസ്തീർണ്ണമുള്ള അനുബന്ധ കെട്ടിടവും നിലവിലുണ്ട്.

2) തുടർന്ന് വാർഡ് 12-ൽ 435-ാം നമ്പർ കെട്ടിടത്തിൽ നിലവിൽ സ്ഥിതി ചെയ്യുന്ന

ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് ഓഫീസും സ്ഥാപനങ്ങളും ആറാട്ടുപുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 റീസർവ്വേ നമ്പർ 278/4, കള്ളിക്കാട്, ആറാട്ടുപുഴ പി.ഒ 690535 എന്ന സ്ഥലത്ത് നിന്നും വാർഡ് no. 15 ആറാട്ടുപുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 12 ൽ റീസർവേ നമ്പർ 203/3-7, 203/3-1-3, 203/21-3 എന്നിവയിൽ പെട്ട വെട്ടത്ത് കടവ് പമ്പ് ഹൗസ് ജംങ്ഷനിലുള്ള 15/557, 15/558 നമ്പർ കെട്ടിടങ്ങളിലേക്കു മാറ്റി സ്ഥാപിക്കുന്നതിനു ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് **പരാമർശം (2)** പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊള്ളുകയുണ്ടായി.

3) അറാട്ടുപുഴ ഗ്രാമപഞ്ചായത്ത് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് അനുമതിയ്ക്കായി **പരാമർശം (3)** പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൻമേൽ ഓഫീസും ഘടക സ്ഥാപനങ്ങളും പ്രവർത്തിക്കുവാൻ പുതിയ കെട്ടിടം അനുയോജ്യമാണെന്ന **പരാമർശം (4)** പ്രകാരമുള്ള ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ **പരാമർശം (5)** പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ വാർഡ് 12-ൽ 435-ാം നമ്പർ കെട്ടിടത്തിൽ നിലവിൽ സ്ഥിതി ചെയ്യുന്ന ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് കാര്യാലയവും സ്ഥാപനങ്ങളും ആറാട്ടുപുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 റീസർവ്വേ നമ്പർ 278/4, കള്ളിക്കാട്, ആറാട്ട്പുഴ പി.ഒ 690535 എന്ന സ്ഥലത്ത് നിന്നും വാർഡ് 15 ആറാട്ടുപുഴ വില്ലേജിലെ ബ്ലോക്ക് നമ്പർ 12 ൽ റീസർവേ നമ്പർ 203/3-7, 203/3-1-3, 203/21-3 എന്നിവയിൽ പെട്ട വെട്ടത്ത് കടവ് പമ്പ് ഹൗസ് ജംങ്ഷനിലുള്ള 15/557, 15/558 നമ്പർ കെട്ടിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 02-09-2025 22:42:26

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ
3. സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി

8. കരുതൽ ഫയൽ (ഡി.ബി1/246/2025/എൽ.എസ്.ജി.ഡി)